**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 578** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. നജീബ് കാന്തപുരം | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭിക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ ബഡ്ജറ്റിൽ തുക നീക്കിവെച്ചെങ്കിലും അവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്ന പരാതി പരിശോധിക്കുമോ; വിശദമാക്കാമോ; | (ബി) | മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ (Non-PDS) ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുകയും സബ്സിഡി തുക മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകി വരികയുമാണ് ചെയ്യുന്നത്. 2021 മാർച്ച് വരെയുള്ള സബ്സിഡി മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | മത്സ്യമേഖലയുടെ സംരക്ഷണാർത്ഥം പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | മത്സ്യമേഖലയുടെ സംരക്ഷണാർത്ഥം പ്രഖ്യാപിച്ച ക്ഷേമ പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രധാന പദ്ധതികൾ 1. സമ്പാദ്യ സമാശ്വാസ പദ്ധതി 2. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ. 3. വിദ്യാഭ്യാസ സഹായ പദ്ധതികൾ. 4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി. 5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി. 6. ഓഖി പുനരധിവാസ പദ്ധതികൾ 7.മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി. 8. മത്സ്യത്തൊഴിലാളികൾക്ക് പൂരക വേതനം ഉറപ്പാക്കുന്ന തണൽ പദ്ധതി. 9. മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി യാനങ്ങളും സുരക്ഷാ ഉപകരണങ്ങളും അനുവദിയ്ക്കുന്ന പദ്ധതി. 10. മേഖല ടെക്നിക്കൽ സ്കൂളുകളെ മികവിന്റെകേന്ദ്രങ്ങളാക്കുന്ന പദ്ധതി. 11. യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും സ്വന്തമാക്കുന്നതിന് വായ്പാ ധനസഹായം. 12. മത്സ്യത്തൊഴിലാളികൾക്ക് വല, എഞ്ചിൻ |

| | | | |
|---|---|---|---|
| | | | എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി. 13. മത്സ്യബന്ധന യാനങ്ങൾക്ക് വായ്പയ്ക്ക് സബ്സിഡി. 14. മത്സ്യത്തൊഴിലാളികൾ 2008 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം. 15. മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ സബ്സിഡി. 16. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം. 17. തീരദേശ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം. 18. തീരദേശ വിദ്യാലയങ്ങളിൽ സ്പോർട്ട്സ് സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി. 19. മത്സര പരീക്ഷകൾക്ക് മത്സ്യത്തൊഴിലാളികളുടെ മക്കളെ പ്രാപ്തരാക്കുന്നതിന് വിദ്യാതീരം പദ്ധതി. 20. തീരദേശത്തെ കുട്ടികൾക്ക് ലൈബ്രറി സപ്പോർട്ട് നൽകുന്ന പ്രതിഭാതീരം പദ്ധതി. 21. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ. 22. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ. 23. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം സഹായ സംഘങ്ങൾ വഴി മൈക്രോ എന്റർ പ്രൈസസ് ആരംഭിക്കുന്നതിന് ധനസഹായം. 24. തീരനൈപുണ്യ പദ്ധതി. 25. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് സുരക്ഷിതമായും സൗകര്യപ്രദമായും യാത്ര ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി യും ഫിഷറീസ് വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സമുദ്ര പദ്ധതി. എല്ലാ പദ്ധതികളും സമയബന്ധിത മായി നടപ്പിലാക്കുന്നതിന് വകുപ്പ് അദ്ധ്യക്ഷ തലത്തിലും സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും കൃത്യമായ ഇടവേളകളിൽ വിലയിരുത്തൽ യോഗങ്ങൾ ചേർന്ന് പ്രവർത്തനം ത്വരിതപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ